## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2519** **07-07-2022 - ൽ മറുപടിയ്ക്ക്**

## പരമ്പരാഗത കയർ മേഖലയിലെ പ്രതിസന്ധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർ വ്യവസായത്തിന്റെ പുനരുജ്ജീവനത്തിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | കയർ വ്യവസായത്തിന്റെ പുനരുജ്ജീവനത്തിനായി ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്ത് ആരംഭിച്ച കയർ രണ്ടാം പുനസംഘടന 2021-22 വർഷത്തിൽ പൂർത്തിയായെങ്കിലും പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. സമ്പൂർണ്ണ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 1438 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ പദ്ധതികാലത്ത് 150 കയർ സഹകരണ സംഘങ്ങളിലായി സ്ഥാപിക്കപ്പെട്ടു. 8000 മുതൽ 100000 തൊണ്ട് വരെ ചകിരിയാക്കാൻ കഴിയുന്ന 128 ഡിഎഫ് മില്ലുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയ്ക്ക് 90%, സ്വകാര്യ സംരഭകർക്ക് 50% (പരമാവധി 25 ലക്ഷം രൂപ) സബ്സിഡി നൽകി പരമാവധി സംരഭകരെ ഈ മേഖലയിലേക്ക് കൊണ്ടുവരുന്നതിന് പ്രോൽസാഹനം നൽകി വരുന്നു. തൊണ്ട് ലഭ്യത കുറവുള്ള തെക്കൻ ജില്ലകളിൽ ന്യായവിലയിൽ തൊണ്ട് ലഭ്യമാക്കുന്നതിന് വൈക്കം ആസ്ഥാനമായി കയർ കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. ഉൽപ്പന്ന മേഖലയിലെ സംഘങ്ങളെ ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിച്ച് ആധുനികവൽ ക്കരിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ ചെറുവാരണം സി. എം. & എം. സി. എസ്. നം.989 ൽ 6 ലൂമുകൾ സ്ഥാപിച്ചു. ഉൽപ്പാദിപ്പിക്കുന്ന കയറിന് വിപണി കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ എം.എൻ.ആർ. ഇ.ജി.എസ്. മായി ചേർന്ന് കയർ ഭൂവസ്ത്ര പദ്ധതി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കി വരുന്നു. കയറിന്റേയും കയർ ഉൽപ്പന്നങ്ങളുടേയും ആഭ്യന്തര വിപണി വിപുലീകരണത്തിനായി അന്തർ ദേശീയ പ്രദർശന മേളയായ കയർ കേരള സംഘടിപ്പിച്ചു വരുന്നു. വിപണി വിപുലീകരണം ലക്ഷ്യമിട്ട് വൈവിധ്യങ്ങളായ ഉൽപ്പന്നങ്ങൾ നാഷണൽ കയർ റിസേർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വികസിപ്പിച്ച് എടുത്തിട്ടുണ്ട്. ഈ ഉൽപ്പന്നങ്ങളെ വ്യവസായിക അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഓർഡർ ഇല്ലാത്തതും കെട്ടിക്കിടക്കുന്ന ഉൽപ്പന്നങ്ങൾ ഏറ്റെടുക്കാത്തതും മൂലം കയർ തൊഴിലാളികൾ പട്ടിണിയിൽ ആകുന്ന അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ; | (ബി) | അന്യസംസ്ഥാന കയറിന്റെ വിലയുമായുള്ള അന്തരം നിമിത്തം കയർ സ്റ്റോക്ക് ഇരിക്കുന്ന സാഹചര്യം കയർഫെഡിൽ നിലവിലുണ്ട്. ഇത് മറികടക്കുന്നതിനായി വൈക്കം കയറിന് നിലവിൽ അനുവദിച്ച് നൽകിയിരിക്കുന്ന 10% ഡിസ്കൗണ്ട് 20% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ സംഭരിച്ചിട്ടുള്ള കയർ ഉൽപ്പന്നങ്ങൾ വിലക്കുറവിൽ വിറ്റഴിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കേരള സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ നിന്നും ഉൽപ്പന്നങ്ങൾ വാങ്ങുന്ന കയറ്റുമതിക്കാർക്ക് 10% ഡിസ്കൗണ്ട് നൽകി വരുന്നുണ്ട്. സ്പോട്ട് പേയ്മെന്റ് നടത്തി ഉൽപ്പന്നങ്ങൾ വാങ്ങുന്ന കയറ്റുമതിക്കാർക്ക് 5% അധിക ഡിസ്കൗണ്ടും പ്രോത്സാഹനമായി നൽകി വരുന്നു. |
| (സി) | തേങ്ങ ഉണ്ടെങ്കിലും കയർ വ്യവസായത്തിന് ആവശ്യമായ തൊണ്ട് കിട്ടാത്ത അവസ്ഥ നിലനിൽക്കുന്ന സാഹചര്യത്തിന് പരിഹാരം കണ്ടെത്താൻ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (സി) | തൊണ്ടിന്റെ ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ മേഖലകളിൽ ന്യായവിലയ്ക്ക് തൊണ്ട് ലഭ്യമാക്കുന്നതിനായി വൈക്കം ആസ്ഥാനമായി കയർ കൺസോർഷ്യം പ്രവർത്തിച്ചു വരുന്നു. കേരളത്തിലെ മുഴുവൻ സംഘങ്ങൾക്കും ഇതിന്റെ സേവനം ലഭ്യമാണ്. |
| (ഡി) | മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള കയർ ഉല്പന്നങ്ങളുടെ ലഭ്യതയും പരമ്പരാഗത കയറുല്പന്നങ്ങൾക്ക് വിപണി ഇല്ലാത്തതും കയർ മേഖലയിലെ പ്രതിസന്ധി രൂക്ഷമാക്കുന്നത് എങ്ങനെ പരിഹരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ? | (ഡി) | കയർ ഉത്പന്നങ്ങളുടെ വിപണനം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ കയർ പൊതുമേഖലാ സ്ഥാപനങ്ങളാണ് നിർവ്വഹിക്കുന്നത്. ആഭ്യന്തര വിപണി വികസിപ്പിക്കുന്നതിനായി റിലയൻസ്, വാൾമാർട്ട് കമ്പനികളുമായി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ധാരണാപത്രം ഒപ്പ് വെച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ പ്രത്യേക ഡിസ്കൗണ്ടുകളോടു കൂടി സംസ്ഥാനത്തിനകത്തും പുറത്തും ഷോറൂമുകൾ വഴി കയർ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ട്. പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന കയർ ഉല്പന്നങ്ങൾ നിശ്ചിത വില നൽകി സംഭരിക്കുന്നതിനും അവ കയറ്റുമതി |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനുമായി സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാ പദ്ധതി (പി.പി.എസ്.എസ്) കേരള സംസ്ഥാന കയർ കോർപ്പറേഷൻ വഴി നടപ്പാക്കുന്നു. കയർ കോർപ്പറേഷനിൽ നിന്ന് ഉൽപ്പന്നങ്ങൾ വാങ്ങുന്ന കയറ്റുമതിക്കാർക്ക് 10% ഡിസ്കൗണ്ട് നൽകി വരുന്നു. ഉല്പാദക സഹകരണ സംഘങ്ങൾക്ക് അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും വില സ്ഥിരത ഉറപ്പാക്കുന്നതിനും ഈ പദ്ധതി വഴി സാധ്യമായിട്ടുണ്ട്.<br><br>കയറിന്റെയും മറ്റ് പ്രകൃതിദത്തനാരുകളുടേയും അന്തർദേശീയ പ്രദർശന മേളയായ കയർ കേരള നടത്തുന്നത് കയർ ഉത്പന്നങ്ങളുടെ വിപണി വിപുലീകരണം ലക്ഷ്യമാക്കിയാണ്. കയർ പൊതുമേഖലാസ്ഥാപനങ്ങൾ സ്വന്തം നിലയ്ക്കും വിപണി വിപുലീകരണത്തിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്.<br><br>ഉത്പന്ന മേഖലയിൽ കൂടുതൽ ഡിമാൻറ് ഉള്ളത് കയർഭൂവസ്ത്രത്തിനാണ്. കയർ ഭൂവസ്ത്രത്തിന്റെ വ്യാപനത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ധാരണയിൽ ഏർപ്പെട്ടിട്ടുണ്ട്. മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി മണ്ണ് ജല സംരക്ഷണത്തിനും നീർത്തട പരിപാലനത്തിനും റോഡ് നിർമ്മാണ പ്രവർത്തനങ്ങളിലും കയർ ഭൂവസ്ത്രം ഉപയോഗിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ